Enquiry into the conduct of Mr. Subbarayan Potti, as Sub-Registrar, Kundara.

* 110. MR. P. S. MOHAMMED (*Muvattupuzha I—Muslim*): Will the Government be pleased to state:

(*a*) whether there was any enquiry into the conduct of Mr. N. Subbarayan Potti as Sub-Registrar, Kundara;

(*b*) whether any report has been submitted regarding the same;

(*c*) if so, the action taken on it?

HON'BLE MR. A. J. JOHN: (*a*) Yes.

(*b*) Yes.

(*c*) The matter is under consideration.

നൂഡൽഹിയിലെ ലയിസാൺ ആഫീസർ.

* 111. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയംമറുപടി നൽകുമോ?

(എ) തിരുവിതാംകൂർ ഗവണ്മെൻറ് ഇപ്പോൾ ലയിസൺ ആഫീസർ എന്ന പേരിൽ നൂഡൽഹിയിൽ ഒരു ഉദ്യോഗം സൃഷ്ടിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ജോലികൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. T. K. NARAYANA PILLAI : (എ) ഇല്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

MR. MOHAMMED MUSTAFA: ഇതിനു മുൻപ് ഗവണ്മെൻറിൽ നിന്നും അങ്ങനെ ഒരു ഉദ്യോഗം സൃഷ്ടിച്ചിട്ടുണ്ടായിരുന്നോ എന്നു പറയുവാൻ മടിയുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ടായിരുന്നു.

MR. MOHAMMED MUSTAFA : ആ ഉദ്യോഗസ്ഥന്റെ ജോലികൾ എന്തെല്ലാമായിരുന്നു എന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : സാധാരണ ഒരു ലയിസൺ ആഫീസർക്കു ഉണ്ടായിരിക്കുന്ന ജോലികൾ തന്നെയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

MR. MOHAMMED MUSTAFA : അദ്ദേഹം ചെയ്തിട്ടുള്ള ജോലികൾ എന്തെല്ലാമാണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : അദ്ദേഹം ഡൽഹിയിൽ പോയി താമസിച്ച് ഇൻഡ്യാ ഗവണ്മെൻറും തിരുവിതാംകൂർ ഗവണ്മെൻറുമായുള്ള ഇടപാടുകളിൽ തിരുവിതാംകൂർ ഗവണ്മെൻറിനു വേണ്ടി ഇടപെട്ടിരുന്നു.

MR. ABDUL AZIZ (*Trivandrum I—Muslim*) : ലയിസൺ ആഫീസറുടെ ശമ്പളമെന്തായിരുന്നു?

HON'BLE MR. T. K. NARAYANA PILLAI : ൬൫൦ രൂപായായിരുന്നു.

MR. ABDUL AZIZ : അദ്ദേഹത്തിൻറെ കീഴിൽ ഒരു സ്റ്റാഫ് ഉണ്ടായിരുന്നോ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ടായിരുന്നു.

MR. ABDUL AZIZ : ആ സ്റ്റാഫ് ഇപ്പോഴുമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അദ്ദേഹത്തിൻറെ കീഴിൽ ഇല്ല. ഗവണ്മെൻറിൻറെ കീഴിൽ ഇപ്പോഴും ആ സ്റ്റാഫ് പ്രവർത്തനം നടത്തുന്നുണ്ട്.

MR. ABDUL AZIZ : അദ്ദേഹത്തിൻറെ സ്റ്റാഫ് ഡൽഹിയിൽ പോയി പ്രവർത്തിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല. എന്നാൽ അദ്ദേഹം ഡൽഹിയിൽ പോയിരുന്നപ്പോൾ സ്റ്റാഫിലെ ചിലഅംഗങ്ങളും ഡൽഹിയിലേക്കു പോയിട്ടുണ്ടായിരുന്നു.

MR. ABDUL AZIZ : ആ ആഫീസറുടെ ഹെഡ്കപാർട്ടേഴ്സ് പേരൂക്കട തന്നെയായിരുന്നു എന്നു കേട്ടിട്ടുണ്ട്. അതു ശരിയായിരുന്നോ?

HON'BLE MR. T. K. NARAYANA PILLAI : അതു ശരിയല്ല.

MR. ABDUL AZIZ : ആ ലയിസൺ ആഫീസർ ചെയ്തുകൊണ്ടിരുന്ന ജോലികളും ഇപ്പോൾ ആരാണ് ചെയ്യുന്നതെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അപ്പോഴപ്പോൾ ഗവണ്മെൻറിൽ നിന്നും ആളുകളെ അയച്ച് ചെയ്യിക്കുകയാണ് ചെയ്യുന്നതു.

MR. ABDUL AZIZ : ഇപ്പോൾ ഒരു ലയിസൺ ആഫീസറുടെ ആവശ്യമില്ലെ?

HON'BLE MR. T. K. NARAYANA PILLAI : ആദ്യം ലയിസൺ ആഫീസറായിരുന്ന ആൾ ആ ഉദ്യോഗം രാജിവച്ചു. അതോടുകൂടി ആ ഉദ്യോഗം നിറുത്തൽ ചെയ്യുകയാണ് ഉണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW (*Thirivella IV—General*) : ആട്ടും ലയിസൺ ആഫീസറായിരുന്ന ആൾ രാജിവച്ചതോടുകൂടി ആ ഉദ്യോഗം നിറുത്തൽ ചെയ്യു എന്നു പറഞ്ഞു. ആ ആളിനു വേണ്ടിയാണോ അങ്ങനെ ഒരു ഉദ്യോഗം സൃഷ്ടിച്ചതെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതു ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ഹിതാനുസരണം അനുമാനിക്കാവുന്ന കാര്യമാണു്.

MR. MOHAMMED MUSTAFA : ആ ഉദ്യോഗസ്ഥൻ രാജിവയ്ക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: പ്രത്യേക കാരണമൊന്നുമില്ല.

MR. ABDUL AZIZ : അങ്ങനെ ഒരു ഉദ്യോഗസ്ഥൻ ആവശ്യമായിരുന്നു എന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അത്യാവശ്യമായിരുന്നു എന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്.

കൊല്ലം ആലപ്പുഴ റോഡിലെ പാലങ്ങൾ.

*112. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*): താഴെ കാണുന്ന ചോദ്യത്തിനു പൊതു മരാമത്തു വകുപ്പിൻെറ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

കൊല്ലം ആലപ്പുഴ റോഡിൽ ഭാരം കയറിയ വാഹനങ്ങൾക്കു് സഞ്ചാരയോഗ്യമല്ലാത്ത എത്ര പാലങ്ങൾ ഉണ്ടു? അവയെ നന്നാക്കുന്നതിനു് ഗവണ്മെൻറു വല്ല നടപടിയും നടത്തിയിട്ടുണ്ടോ? എത്ര രൂപ ചെലവു വരും?

HON'BLE MR. K. R. ELANKATH: മൂന്നു പാലങ്ങൾ ഉണ്ടു്. അതു് യഥു് ചവറ, കണ്ണേറിൽ, തോട്ടപ്പള്ളി. ചവറപാലം പൊളിച്ചു പണിയുന്നതിനു ഒരു എസ്റ്റിമേറു സാംഗ്ഷൻ ചെയ്തിട്ടുണ്ടു്. ജോലി ആരംഭിക്കുന്നതിനുവേണ്ട നടപടികളും എടുത്തിട്ടുണ്ടു്. കണ്ണേറിൽ പാലം പൊളിച്ചു പണിയുന്നതിനു ഒരു ഡിസൈൻ തയാറാക്കിക്കൊണ്ടിരിക്കുകയാണു്. തോട്ടപ്പള്ളി പാലത്തിൻെറ കേടുകൂടം പോക്കുന്നതിനും ജോലികൾ ആരംഭിച്ചിട്ടുണ്ടു്. അതിനു ൪൫,൫൦,൦൦൦ രൂപാ ഉദ്ദേശം ചിലവു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

MR. MOHAMMED MUSTAFA : കഴിഞ്ഞ സെഷനിൽ ഒരു ചോദ്യത്തിനു മറുപടിയായി ഈ പാലങ്ങൾ നന്നാക്കുന്നതിനു നടപടി ആരം

LIBRARY ARCHIVES Kerala Legislative Assembly